# മലർവാടി

## ഡിജിറ്റൽ മാഗസിൻ

# സെന്റ് .ജോർജ്
# എച്ച് .എസ്. മണിമല



# ST GEORGE H.S.S MANIMALA

**A LIGHT TO BE LIGHTED**



# ഹെഡ്മാസ്ററുടെ സന്ദേശം

പ്രിയപ്പെട്ടവരെ.
ലിറ്റിൽ കൈറ്റ്സ്
പരിശീലനംവിദ്യാഭ്യാസവകുപ്പിൻെറക്രാന്തദർശിത്വ
ത്തോടുകൂടിയ
പരിശീലനമാണ്.കമ്പ്യൂട്ടർ
സാക്ഷരതആവശ്യമായിരിക്കുന്ന ഇക്കാലത്ത് ഐ.റ്റി
രംഗത്ത് കൂടുതൽ അവഗാഹം നേടുന്നതിനുള്ള
സാഹചര്യം ഒരുക്കുന്നത് എറെ
പ്രയോജനകരമാണ്.കുട്ടികൾക്ക് താല്പര്യമുള്ള
മേഖലയിൽ പരിശീലനം ലഭിക്കുകയും പ്രയോഗത്തിൽ
വരുത്തുവാനുള്ള അവസരം ലഭിക്കുകയുംചെയ്യുന്നു.
വിവര വിനിമയ സാങ്കേതിക വിദ്യയിൽ ഉയരങ്ങൾ
കീഴടക്കാൻ കഴിയട്ടെ

**ഹെഡ്മാസ്ററർ**
**എം കെ തോമസ്**

# EDITORS TALK

We are very happy to join and work dedicatedly for the Editorial board of this magazine.

This magazine is created by LITTLE KITE'S (IT CLUB) in our school . LITTLE KITES members
actively participated and worked for this magazine and the entire school worked hard for this .

All thanks for the powers from the above and our teachers who paved way for this magazine .
We take this magazine as a piggy bank of our life's sweet moments

EDITORIAL BORD

# ഉള്ളടക്കം


ബീർബൽ

തവളച്ചാട്ടം

ആൺകുട്ടിയും ചെന്നായു

അച്ഛൻ

എലിയും പുലിയും

തേൻകുരുവി

ആഘോഷങ്ങൾ

മഴ

ബുദ്ധിമാനായകുറുക്കൻ

പുലികളി

മിസൈൽമാൻ

നിന്നേ പറ്റൂ

എൻെറ അമ്മ

സിംഹം

പഴഞ്ചൊല്ലുകൾ

Father of computer

ശാസ്ത്രപാണ്ഡിത്യം

ALPHABETS

OceansTHOUGHTS

മണ്ടനായ തവള

കടംകഥകൾ


അസ്തമയനേരത്ത്

നെല്ലിക്കപോലൊരുജീവിതം

# ബീർബൽ

ഒരു സുന്ദരമായ പുലരി,

**അക്ബർ അതിരാവിലെ ബീർബലിനെ വിളിപ്പിച്ചു ഏന്നിട്ടു ഒരു കാര്യം പറഞ്ഞു ഇവിടുത്തെ ചുമരിൽ എന്തെങ്കിലും എഴുതുക. പക്ഷെ ഒരു കാര്യം അത് സങ്കടമുള്ളപ്പോൾ വായിച്ചാൽ സന്തോഷവും സന്തോഷമുള്ളപ്പോൾ വായിച്ചാൽ സങ്കടവും ഉണ്ടാവണം. ബീർബൽ ബുദ്ധിമാനയതുകൊണ്ട് ഒരു മിനിറ്റ് സമയം കളയാതെ ചുമരിൽ എഴുതി**



ഈ നേരവും കടന്നു പോകും.

ബീർബലിന്റെ ബുദ്ധിക്ക് അക്ബർ വലിയൊരു സമ്മാനം നൽകി.

# തവളച്ചാട്ടം

തുമ്പിക്കക്ഷരമാല പഠിക്കാൻ

തവളച്ചാര് സഹായിച്ചു,

ബെഞ്ചിൽ നിന്നൊരുചാട്ടം

ചാടി'റ'എന്നെഴുതിക്കാണിച്ചു

റ' യിൽ നിന്നു ചാടീ തവള

ന' എന്നെഴുതിക്കാണിച്ചു

ന' യിൽനിന്നൊരു ചാട്ടത്തിലേ


ന്ന' യും തവള പഠിപ്പിച്ചു

റ' യും, 'ന 'യും 'ന്ന' യും മാത്രം

തവലച്ചാരു പഠിപ്പിച്ചു!

ത, ഗ ,ര ,ട, യെല്ലാം തനിയെ തുമ്പി

പഠിച്ചു, പറന്നതു കാണിച്ചു!



Reji malayalapuzha

# ആൺകുട്ടിയും ചെന്നായയും

ഒരിക്കൽഒരു ഇടയ ബാലനുണ്ടായിരുന്നു.ഒരു ഗ്രാമത്തിനടുത്തായി ആടുകളെ മേയ്ക്കുകയായിരുന്നു . അവൻ ഒരു തമാശ ആലോചിച്ചു. അവൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു . ചെന്നായ, ചെന്നായ അവന്റെ ശബ്ദ്ം കേട്ട ഗ്രാമവാസികൾ ഉടനെ വടികളുമായി വന്നു . അവിടെ എത്തിയപ്പോൾ കുട്ടി തങ്ങളെ മണ്ടനാക്കിയതായി അവർ കണ്ടെത്തി. ആളുകൾ വല്ലാതെ ദേഷ്യപ്പെട്ടു. കുറച്ചുദിവസങ്ങൾക്കു ശേഷം കുട്ടി തമാശ ആവർത്തിച്ചു. ഗ്രാമവാസികൾ അവനെ ശപിച്ചു പോയി . ഒരു ദിവസം നിലവിളിച്ചെങ്കിലും . ആരു വന്നില്ല . ചെന്നായ അവനെയും അവന്റെ ആടുകളെയുകൊന്നു .

നർമ്മകഥ

# അച്ഛൻ

ആദ്യക്ഷരം കുറിച്ചു
തന്നെൻ കുഞ്ഞിളം
കൈകളാൽ
കൂടെ കളിച്ചും
കാണാ ചൂരലാൽ
ശാസിച്ചു ഞങ്ങളെ
ഇന്നോളം ഊട്ടിയ
ഉരുളകളെല്ലാം
ദൂരെ ദ്വീപിലെ
രാവും പകലും



ഇനി കൈളിൽ
സ്നേഹത്തിൽ പൊതികളില്ല
നീട്ടി വിളികളുമില്ല.
യാത്ര പറയാതെ
പടികടന്നകലുമ്പോൾ
നീ ഞങ്ങളെ
താലോലിച്ചുറക്കിയ
ഉമ്മറതിണ്ണയും
ഏകനായി

കടപ്പാട്-ഫാരിസ


# എലിയും പുലിയും

......................

അക്കരെനിന്നെലി വന്നു,
ഇക്കരെയൊരു പുലി നിന്നു
എലിയും പുലിയും കൂടി
പലപല പാട്ടുകൾ പാടി.
പുലിയുടെ വയറു വിശന്നു .
എലിയക്കാര്യമറിഞ്ഞു ,
പുലിയൊരു ചാട്ടം ചാടി,
എലി പേടിച്ചങ്ങോടി!

നർമ്മ കവിത





# തേൻകുരുവി

ചെല്ലകുരുവി തേൻകുരുവി
എന്നുടെ കൂടെ പോരുന്നോ
കൂട്ടുണ്ടാക്കാൻ ചക്കിരിതരാം
വള്ളിത്തരാം
ഞാൻ കമ്പുതരാം
കൂട്ടിലിരുന്നു
കഴിക്കാനായ്
പാത്രം നിറയെ
തേനുതരാം
ചെല്ലക്കുരുവി
തേൻകുരുവി



എന്നുടെകൂടെ

പോരുന്നോ

# വായനാദിനം

പി എൻ പണിക്കരുടെ ചരമദിനം വായനാദിനമായി ആചരിച്ചു.ബഹു.ഹെഡ് മാസ്റ്റർ എം കെ തോമസ് സാർ  വിദ്യാരംഗം കലാസാഹിത്യവേദിയുടെയും, വായനാവാരത്തിൻെറയും ഉദ്ഘാടനകർമ്മം നിർവഹിച്ചു.പ്രസ്തുതസമ്മേളനത്തിൽ മലയാള വിഭാഗം അധ്യാപിക ശ്രീമതി ത്രേസ്യാമ്മ എം.ജെ വായനാദിന സന്ദേശവും,കുമാരി ജുഡിത്ത് അനുസ്മരണ പ്രഭാഷണവും,കുമാരി മേഘ്ന വായനാദിന സന്ദേശവും കുമാരി നിവേദ്യ കവിതയും ആലപിച്ചു.

വായനാവാരാചരണത്തിൻെറഭാഗമായി സാഹിത്യകാരൻമാരുടെ ആൽബം തയ്യാറാക്കൽ,ഡിജിറ്റൽ വായന ,പുസ്തക നീരുപണം എന്നിവ സംഘടിപ്പീച്ചു .






# സ്വാതന്ത്ര്യ ദിനാഘോഷം

***എസ് പി സി യുടെ ആഭിമുഖ്യത്തിൽനടത്തപ്പെട്ട  സ്വാതന്ത്ര്യദിനാഘോഷത്തിൽ***

***പതാകഉയർത്തൽ' സ്വാതന്ത്ര്യദിന സന്ദേശം  എന്നിവ നടത്തി***













# ഓണാഘോഷം

ഓണത്തിനോട് അനുബന്ധിച്ച് ഓണസന്ദേശം തിരുവാതിരകളി വടംവലി ഉറിയടി അത്തപ്പൂക്കളം കസേരകളി ബോബിംങ് ദി സിറ്റി ഓണസദ്യ മുതലായവ നടത്തപ്പെട്ടു








<u>ഫ്രീഡംഫെസ്റ്റ് -2023</u>














## ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പ്

## ലിറ്റിൽകൈറ്റ്സ് ഏകദിനക്യാമ്പ് സെപ് റ്റംബർ -2 ന് നടത്തപ്പെട്ടു എസ്.ആർ.വി വാഴൂരിലെ അധ്യാപകനായ പ്രശാന്ത് പി. എം ക്ലാസിന് നേതൃത്വം വഹിച്ചു.



ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്

മണിമല: സെന്റ് ജോർജ് ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ ഡിജിറ്റൽ ഓണാഘോഷ ക്യാമ്പ് സമാപിച്ചു. അനിമേഷൻ ചിത്രങ്ങൾ, ഗെയിമുകൾ എന്നിവ കുട്ടികൾ തയ്യാറാക്കി പ്രദർശിപ്പിച്ചു.










# മഴ

തുള്ളിച്ചാടി നടക്കും- മഴതുള്ളി

വീടിൻ ചുവരിൽഉറങ്ങും
കാർമേഘത്തിൻമടിയിൽഒളിക്കും
മഴ മഴ ചറ പറ പെയ്തു
താഴത്തെത്തിയ മഴവെള്ളം
മണ്ണിനടിയിൽഒളിച്ചു
മഴയുടെ താളത്തിൽ
മരങ്ങളുമാടുന്നു
തുള്ളിച്ചാടി നടക്കും
മഴതുള്ളികൾ





# ബുദ്ധിമാനായ കുറുക്കൻ

കാട്ടിൽ ഒരു കുറുക്കൻ ഉണ്ടായിരുന്നു . അ കുറുക്കൻ ബുദ്ധിമാനായിരുന്നു. കാട്ടിലുള്ള മൃഗങ്ങൾ അവനെ കളിയാക്കുമായിരുന്നു.കുറുക്കന് മൃഗങ്ങളോട്പ്രതികാരം വിട്ടണം എന്നു പറഞ്ഞു. അങ്ങനെ ഒരു ദിവസം കുറുക്കൻ കാഒരുട്ടിൽ ഇരതേടിപ്പോയി അങ്ങനെ നടന്നു പേകുന്ന വഴി കുറുക്കൻ ഒരു ഒപട്ടകിണറ്റിൽ വീണു.

അവൻ നിലവിളിച്ചു രക്ഷികണെ .അങ്ങനെ മൃഖങ്ങൾ ഓടി ചെന്നു. അപ്പോൾ കുറുക്കൻ പറഞ്ഞു ആകാശം ഇടിഞ്ഞു വിഴുമെന്നു പറഞ്ഞു . അവർ കിണറ്റിൽ ചാടി അങ്ങനെ ആ കുറുക്കൻ ആനയുടെയും, ജിറാഫിൻെറയും പോറത്തുടെ കയറി രക്ഷപ്പെട്ടു .

അങ്ങനെ കുറുക്കൻ പ്രതികാരം ച്ചെയ്യതു.

നർമ്മ കഥ

# പുലികളി

തിരുവോണത്തിനു പുലികളി കാണാൻ കാട്ടിൽ നിന്നാരു

പുലിയെത്തി പുലിയുടെ വേഷം കെട്ടി നടന്നോൻ

എലിയേപ്പോലെ പതുങ്ങിപ്പോയി

തോക്കു പിടിച്ചൊരു വേട്ടക്കാരൻ

തൊക്കു കലഞ്ഞിട്ടോടിപ്പോയ് ചെണ്ടകാരൻ

ചെണ്ടകളഞ്ഞിട്ട് പോയി നാട്ടുകാർ

കണ്ട് നാട്ടുകാർ വേലി ചാടി പോയി

***<u>അങ്ങനെ പുലി</u>***

***<u>ഓണപാച്ചലിലൂടെ  പുലി അങ്ങു പോയി</u>***



# 'ദി മിസൈൽ മാൻ'

തമിഴ് നാട്ടിലെ ചെന്നൈ എന്ന പട്ടണത്തിൽ ഒരു സർക്കാർ ഹയർ സെക്കന്ററി സ് കൂൾ ഉണ്ടായിരുന്നു. അവിടുത്തെ ആളുകൾ വളരെ ദരിദ്രരായിരുന്നു. പാവപ്പെട്ടർ കുട്ടികളെ ജോലിക്ക്

അയച്ചു. കുട്ടികൾ സ്കൂളിൽ വരാതെയായി. ബാലമുരുഗൻ എന്ന അദ്ധ്യാപകൻ ജോലിക്ക് വന്നു

അവിടുത്തെ കുട്ടികളെയും അവിരുടെ മാതാപിതാക്കളെയും വിളിപ്പിച്ചു. എന്നിട്ട് അവരോടായി ഒരു കഥ

പറഞ്ഞു.രാമേശ്വരം എന്ന നാട്ടിൽ ഒരു തോണിക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് സ്നേഹനിധിയായ ഒരു ഭാര്യയും ഉണ്ടായിരുന്നു.

അവർക്ക് 5 കുട്ടികളായിരുന്നു. ഒരു പാവപ്പെട്ട കുടുംബം. പക്ഷെ എങ്ങനെയൊ അവൻ തൻെറ



കുട്ടികളെ പഠിപ്പിച്ചു. അവർ പട്ടിണികിടന്ന് കുട്ടികൾക്ക് ഭക്ഷണം നൽകി. അമ്മ വിളമ്പിയ കഞ്ഞിയിൽ എന്തോ മാന്ത്റികതയുണ്ടായിരുന്നു. അവസാനത്തെ മകൻ നന്നായി പഠക്കുന്നവനായിരുന്നു. ക്ളാസ്സിൽ ഒന്നാമതെത്തി. മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എഞ്ചിനിയറിംഗ് പഠിച്ചു. ഐ എസ് ആർ ഒ യിൽ ശാസ്റജ്ഞനായി. ദി മിസൈൽ മാൻ എന്ന് പട്ടം വാങ്ങി. ഏതാനും വർഷങ്ങൾക്ക് മുമ്പ് പൊഖ്റാനിൽ നടന്ന ആണവ പരീക്ഷണം

നടത്തിയത് അദ്ദേഹമാണ് . അദ്ദേഹത്തിന്റെ പേര് ആർക്കെങ്കിലും അറിയാമോ.

എ പി ജെ അബ്ദുൾ കലാം. എന്റെ മകൻ എന്തിന് പഠിക്കണം എന്ന് ആ തോണിക്കാരൻ

വിചാരിച്ചിരുന്നെങ്കിൽ നമ്മുടെ നാടിന്റെ മിടുക്കനായ ശാസ്റജ്ഞനെ നമുക്ക് നഷ്ട്ടമാകുമായിരുന്നു

ഇത് കഴിഞ്ഞ് ബാലാ സർ എല്ലാവരോടുമായി ഒരു കാര്യം പറഞ്ഞു. നിങ്ങൾക്ക് പലതരത്തിൽ

പണം സമ്പാദിക്കാം എന്നാൽ വിദ്യാഭ്യാസത്തിന് മാത്റമേ നിങ്ങൾക്ക് ബഹുമാനം നേടിത്തരാൻ

സാധിക്കൂ. മാതാപിതാക്കൾ പിറ്റേന്ന് മുതൽ കുട്ടികളെ സ്കൂളിൽ അയക്കാൻ തീരുമാനിച്ചു.

# നിന്നേ പറ്റൂ

സാഹിത്യകാരനായ മാർക്ക് ട്വയിൻ പറയാൻ പല നാടുകളിലും പോകാറുണ്ടായിരുന

ഒരിക്കല് ഒരു ബാർബർ ഷോപ്പില് കയറി. ഷേവ് ചെയ്യുകൊണ്ടിരിക്കെ ബാർബർ

ഞ്ഞു നിങ്ങളെ ഇതിനുമുന് ഇവിടെ

കണ്ടിട്ടില്ലല്ലോ . ഏതായാലും നിങ്ങള് വന്നത് നല്ല ദിവസമാണ് . അതെന്താ? മാർ

ട്വയിൻ ചോദിച്ചു . ഇന്നു



വൈകുന്നേരം ഇവിടെ മാർക്ക്

ട്വയിൻെറ പ്രഭാഷണമുണ്ട്.

നി്ങ്ങള്ക്ക്

പോകണമെന്നുണ്ടോ

ഇയാള്ക്ക് തന്നെ

മനസ്സിലായിട്ടില്ല! മാർക്ക

ട്വയിനു പിടികിട്ടി . അദ്ദേഹം

പുഞ്ചിരിയോടേ പറഞ്ഞു

പോകമണമെന്നാണ്

വിചാരിക്കുന്നത.

നിങ്ങള്ക്കു ടിക്കറ്റ് കിട്ടിയോ ? ഇല്ല.

എങ്കില് സിറ്റു കിട്ടില്ല. ടിക്കറ്റെല്ലാം വിറ്റു തീർന്നു ! ഇന്നു നിങ്ങള് നിന്നുകൊണ്ടു

പ്രസംഗം കേള്ക്കേണ്ടിവരും ! മാർക്ക് ട്വയിൻ പറഞ്ഞു എന്തുചെയ്യാം അങ്ങേര്

പ്രസംഗിക്കുമ്പോഴെല്ലം എനിക്കു നില് ക്കേണ്ടിവരാറുണ്ടു!.

ഫലിതം

# എന്റെ അമ്മ



വാക്കുകൾ കൊണ്ടു തീരാത്ത

പദമാണെന്റെ അമ്മ

സ്നേഹത്തിന്റെ സാഗരം

അറിവിന്റെ നിറക്കുടം

തളരുമ്പോൾ താങ്ങായും

വാടുമ്പോൾ കുടയായും

കൂടെ നില്ക്കുമെന്നമ്മ

ANGEL MARIA

സിംഹം

കാടിനുള്ളിൽ സിംഹം

മരങ്ങൾക്കിടയിലൂടെ

സ്വതന്ത്രമായി വിഹരിക്കുന്നു,

കാടിനെ

സ് കാൻ ചെയുന്ന കണ്ണുകളോടെ.

അതിന്റെ ഇരയുടെ

ഗന്ധംമണക്കുന്ന

ജീവികളെ

തേടിയുള്ള കരച്ചിൽ ,

നിങ്ങൾക്ക്

കഴിയുമെങ്കിൽ

ഉഗ്രൻ,

മെരുക്കാത്ത അവൻ

വന്യനാണ് ,

പക്ഷെ മുടന്തനല്ല

അവനെ കൊല്ലാം




# പഴഞ്ചൊല്ലുകൾ

## വിദ്യാധനം സർവധനാൽ പ്രധാനം

എല്ലാധനങ്ങളിലും വച്ച് ശ്രേഷ്ഠമായത് വിദ്യാധനമാണ്.കൊടുക്കുന്തോറും കുറഞ്ഞുവരുന്നതാണ് മറ്റുധനങ്ങൾഏന്നാൽ വിദ്യാധനം വ ർദ്ധിക്കുന്നു.ധനികനായൊരുവനെ അൽപകാലത്തേക്കു മാത്രം ഓർക്കുന്നു എന്നാൽ വിദ്യാസമ്പനായ ഒരുവനെ മരണാനന്തരംപോലും ജനങ്ങൾ ആദരിക്കും

# Father of Computer

Charles Babbage, a British Mathematics professor, is regarded as Father of computers. He was born on in England in 1792 as the son of a rich banker from Devon. He was inspired by Napier's logarithm tables and Napier's logs and bones. He began to design a "difference engine" in 1821 which was a very large and complicated machine intended for doing logarithmic calculations automatically.



savio jose


# കേവലം ശാസ്ത്രപാണ്ഡിത്യംകൊണ്ടു കാര്യമില്ല.

ഒരിക്കൽ ഒരു പണ്ഡിതൻ പുഴ കടക്കുവാൻ തോണിക്കടവിൽ വന്നു..വഞ്ചിക്കാരൻ അദ്ദേഹത്തെ ആദരവോടുകൂടി വഞ്ചിയിൽ കയറ്റി....അക്കരയ്ക്ക് പുറപ്പെട്ടു..ആ പണ്ഡിതൻ തന്റെ പാണ്ഡിത്യത്തിൽ വളരെ അഭിമാനം കൊള്ളുന്നവനായിരുന്നു.. നദീമദ്ധ്യത്തിൽ വെച്ച് അദ്ദേഹം തോണിക്കാരനോട് ചോദിച്ചു 'അല്ലയോ തോണിക്കാരാ ,നീ സംസ്കൃതം പഠിച്ചിട്ടുണ്ടോ ?'..'ഇല്ല തമ്പുരാനേ ,അടിയന് സംസ്കൃതം പഠിക്കുവാൻ സാധിച്ചിട്ടില്ല' എന്നായിരുന്നു മറുപടി...പണ്ഡിതൻ വളരെ അനുതാപത്തോടുകൂടി പറഞ്ഞു..'കഷ്ടം ! നിന്റെ ജീവിതത്തിന്റെ കാൽ ഭാഗം വെറുതെ പോയി'...കുറച്ചുകഴിഞ്ഞു അദ്ദേഹം വീണ്ടും ചോദിച്ചു : 'ആകട്ടെ നീ വേദാന്തം പഠിച്ചിട്ടുണ്ടോ ?' ...ഇല്ല തമ്പുരാനേ ,അടിയന് വേദാന്തം ഒന്നുമറിഞ്ഞുകൂടാ'...എന്നായിരുന്നു മറുപടി...'നിന്റെ ജീവിതം പകുതിയും വെറുതെ പോയല്ലോ '..എന്ന് പണ്ഡിതൻ അനുതപിച്ചു...കുറച്ചു കഴിഞ്ഞ് അദ്ദേഹം വീണ്ടും ചോദിച്ചു :'നീ ആറു ദർശനങ്ങളിൽ ഏതെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ ?'..അതിനും വഞ്ചിക്കാരൻ നിഷേധരൂപത്തിൽ മറുപടി പറഞ്ഞു ..'ഇല്ല തമ്പുരാനേ അറിഞ്ഞുകൂടാ' പണ്ഡിതൻ വളരെ ദുഖത്തോട് കൂടി പറഞ്ഞു : 'കഷ്ടം കഷ്ടം ! നിന്റെ ജീവിതത്തിന്റെ മുക്കാൽഭാഗവും വെറുതെപോയല്ലോ ' ...

കുറച്ചുകഴിഞ്ഞപ്പോൾ വലിയൊരു കോളും കാറ്റും കൂടിവന്നു...വഞ്ചി ആടിയുലയുവാൻ തുടങ്ങി ...മാത്രമല്ല അത് മുങ്ങുമെന്ന മട്ടായി ...വഞ്ചിക്കാരൻ ചോദിച്ചു : "തമ്പുരാനേ ,അങ്ങേയ്ക്ക് നീന്താൻ അറിയുമോ ?" ..പണ്ഡിതൻ പരിഭ്രമിച്ചുകൊണ്ട് പറഞ്ഞു ...'ഇല്ലെടോ ,നമുക്ക് നീന്താൻ അറിഞ്ഞുകൂടാ ' വഞ്ചിക്കാരൻ അനുതാപപൂർവ്വം പറഞ്ഞു : "അടിയന്റെ ജീവിതം മുക്കാലേ പോയുള്ളൂ...തമ്പുരാന്റെ ജീവിതം മുഴുവനും ഇപ്പോൾ പോകുമല്ലോ...വഞ്ചി മുങ്ങുവാൻ പോവുകയാണ്...അടിയന് ,മറ്റൊന്നുമറിഞ്ഞുകൂടായെങ്കിലും നീന്തുവാൻ അറിയാം '...

ധാരാളം ശാസ്ത്രങ്ങൾ വായിച്ചുപഠിച്ചുകൊണ്ട് ഒരു കാര്യവുമില്ല...പ്രായോഗികജ്ഞാനമാണ് വേണ്ടത് ...പഠിക്കുന്ന വിഷയങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം... അതുകൊണ്ടാണ് വിവേകാനന്ദസ്വാമി പറയുന്നത് ..."നിങ്ങളുടെ മസ്തിഷ്കത്തിലേക്ക് ചെലുത്തി അവിടെ മരണംവരെ ദഹിക്കാതെ അനിയതമായി വ്യാപരിക്കുന്ന വിവരങ്ങളുടെ ആകെത്തുകയല്ല വിദ്യാഭ്യാസം...ജീവിതത്തെ പടുത്തുകെട്ടുന്ന ആശയങ്ങളെ സാത്മ്യപ്പെടുത്തുകയാണ് വേണ്ടത് ...നിങ്ങൾ അഞ്ച് ആശയങ്ങളെ സാത്മ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ ,അവയെ നിങ്ങളുടെ സ്വഭാവവും ജീവിതവുമാക്കിത്തീര്ത്തിട്ടുണ്ടെങ്കിൽ ,ഒരു ഗ്രന്ഥം മുഴുവനും ഹൃദിസ്ഥമാക്കിയിട്ടുള്ള മറ്റൊരുവനെക്കാൾ നിങ്ങൾക്ക് വിദ്യാഭ്യാസമുണ്ട് "...ശ്രീരാമകൃഷ്ണൻ പറയുന്നതുപോലെ 'ശാസ്ത്രങ്ങൾ പഠിച്ചതുകൊണ്ട് എന്ത് കിട്ടും ? ജീവിക്കുവാൻ പഠിക്കുകയാണ് വേണ്ടത് !'....പ്രായോഗികജ്ഞാനമാണ് വേണ്ടത് ...സംസാരസാഗരം നീന്തിക്കടക്കുവാനുള്ള അറിവ് വേണം.

# ALPHABETS FOR SUCCESS



A - Avoiding wasting time.
B - Be Cheerful Always.
C - Converse softly and sweetly.
D - Do only what is to be done.
E - Eat not to Dullness.
F - Feel Sympathy for others sufferings.
G - Grow With showing Kindness.
H - Hate None, Harm None.
I - Insist on doing one good thing daily.
J - Just be cool.




K - Keep the temple of body pure.
L - Learn to live and live to learn.
M - Make no fire You Cant Extinguish.
N - Never do things in a Hurry.
O - Obey your Elders.
P - Practice the Habit of Helping others.
Q - Quiet the Bullying mind with pure thoughts.
R - Remove your Fear.
S - Speak truth at any Cost.
T - Think Clearly to decide wisely.




U - Use Leasure hours wisely.
V - Value friendship.
W - Worry Not over the Past.
X - Xerror your Experieince.
Y - Yield not to Anger.
Z - Zig-Zag not on the path of Justice.

lijinjoy


OCEANS
PACIFIC OCEAN
ATLANTIC OCEAN
INDIAN OCEAN
ANTARTIC OCEAN
ARCTIC OCEAN
ASNA FATHIMA

# THOUGHTS

"YOUR BEST TEACHER IS YOUR LAST MISTAKE" -A.P.J Abdul Kalam

"DREAM, DREAM, DREAM TRANSFORM INTO THOUGHTS AND THOUGHTS RESULT IN ACTION" -A.P.J Abdul Kalam


"HOPE IS THE POWER THAT GIVES A PERSON THE CONFIDENCE" -A.P.J Abdul Kalam

"AN EYE FOR EYE ONLY ENDS UP MAKING THE WHOLE WORLD BLIND" -Mahatma Gandhi

# മണ്ടനായ തവള




ഒരു കാട്ടിൽ ഒരു കുളവും അതിൽ കുറെ തവളകളും ഉണ്ടായിരുന്നു. ഒരു ദിവസം കുറെ തവള കുഞ്ഞുങ്ങൾ കാട്ടിലൂടെ പോകുമ്പോൾ ഒരു വലിയ കാട്ടുപോത്തിനെ കണ്ടു .ആ പോത്തിൻെറ വലുപ്പം കണ്ട് ഞെട്ടിയ അവർ ആ പോത്തിൻെറ കാര്യം ഒരു തവളയോട് പറഞ്ഞു .മണ്ടനായ ആ തവള ശ്വാസം വലിച്ചെടുത്ത് തൻെറ വയറു വീർപ്പിച്ച് വലുതാക്കി . അന്നിട്ട് ചോദിച്ചു ഇത്രയും വലുപ്പം ഉ്ണ്ടോ. തവള കുഞ്ഞുങ്ങൾ പറഞ്ഞു. ഇതിലും വലുപ്പം ഉണ്ട്. മണ്ടനായ ആ തവള വീണ്ടും തന്റെ വയറു വീർപ്പിച്ചു. എന്നിട്ട് ചോദിച്ചു. ഇത്രയും വലുപ്പം ഉണ്ടോ. തവള കുഞ്ഞുങ്ങൾ പറഞ്ഞു. ഇതിലും വലുപ്പം ഉണ്ട് . ഇതുകേട്ടതും തവളയ്ക്ക് ദേഷ്യം വന്നു. തവള വയറു വീർപ്പിച്ചു .പെട്ടന്ന് ഒറ്റ പൊട്ട് ഠേ! മണ്ടനായ ആ തവള വയറു പൊട്ടി ചത്തു...




# പഴമൊഴികൾ

*വെളുക്കാൻ തേച്ചത് പാണ്ടായി
*കാക്ക കുളിച്ചാൽ കൊക്കാകുമോ?
*വിത്തു ഗുണം പത്ത് ഗുണം
*മത്തം കുത്തിയാൽ കുമ്പളം മുളക്കുമോ?
*നാടോടുമ്പോൾ നടുവേ ഓടണം
*കാണം വിറ്റും ഓണം ഉണ്ണണം
*അറിയാത്ത പിള്ള ചൊറിയുമ്പോൾ അറിയും
*ആന കൊടുത്താലും ആശ കൊടുക്കരുത്ത്
*ഒരുമയുണ്ടേൽ ഉലക്കമേലും കിടക്കാം
* വേണേൽ ചക്ക വേരേലും കായ്ക്കും

# അസ്തമയ നേരത്ത്




അസ്തമയ സൂര്യനെ
നോക്കവേ....
ഞാൻ എന്നെ തന്നെ-
ഓർത്തുപോയി
ഇതുപോലൊരസ്തമയം
എനിക്കുമില്ലേ.....
ഇനിയെവിടെ കാലം
ഇനിയെവിടെ നേരം
ചെയ്യുവാനായിരം കാര്യങ്ങൾ
മുന്നിൽ
കണ്ടുതീരാത്ത കാഴ്ചകൾ
കേട്ടുതീരാത്ത കഥകൾ
രുചിച്ച് തീരാത്ത അമ്മയുടെ
രുചിക്കൂട്ടുകൾ
ഒക്കെയുംഓർമ്മപുസ്തകൾ

തെളിയുന്നു
ഇനിയുള്ള കാലം
മറ്റുള്ളവർക്കായി
ജീവിച്ചിടാം

അമേയ സാറ

# നെല്ലിക്കപോലൊരു ജീവിതം

സമയം സന്ധ്യ. ഉണ്ണിയും അമ്മയുംഅച്ഛനെ കാത്ത്
ഉമ്മറപ്പടിയിലിരിക്കുകയായിരുന്നു.അപ്പോൾആവഴി
കടന്നുപോയ ചേട്ടൻ തന്റെ അച്ഛൻ



പാലത്തിനടിയിൽബോധമില്ലാതെ
കിടക്കുകയാണെന്ന് പറഞ്ഞു.അവർഇരുവരും
അവിടേയ്ക്കു ഓടി.അവനും അമ്മയും ചേർന്ന് അച്ഛനെ
വീട്ടിലാക്കി.പിറ്റേന്ന് സൂര്യകിരണങ്ങൾ അവനെ
ചുംബിച്ചപ്പോൾദുംഖകടലിൽ
നിന്ന്ഉണർന്നു.വിഷമത്തോടെ വിദ്യാലയത്തിന്റെ പട
കയറി.ഉണ്ണിയുടെ മാറ്റം ശ്രദ്ധിച്ച രേവതി ടീച്ചർകാര്യം
തിരക്കി .വിഷമങ്ങൾ തുറന്നുപറഞ്ഞഅവനോട്
ജീവിതത്തിൽ പ്രയാസങ്ങൾ വരുമ്പോൾ
ദുംഖിച്ചിരിക്കരുതെന്നും നെല്ലിക്ക പോലെ കയ്പിൽ
നിന്ന്മധുരത്തിലേക്ക് മാറണമെന്ന് ഉപദേശിച്ചു

JINTA

# LITTLE KITE PARENT &STUDENTS  MEETING




















# THANK YOU ALL

